(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ 30-6-2003-ലെ സ്ഥിതി അനുസരിച്ച് സ്ഥിരം ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ചിട്ടുള്ള എസ്.എൽ.ആർ. തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സേവനം റഗുലറൈസ് ചെയ്യരുതെന്നും സ്ഥിരം ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തണമെന്നും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 572/02/ധന. തീയതി 24-9-2002 പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അനുമതിയോടെ മാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ പാടുള്ളൂ. വ്യയനിയന്ത്രണ ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായതിനാൽ ഒഴിവുകൾ നികത്തുവാൻ വേണ്ട അനുമതി പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഡി) നിർദ്ദേശം പരിഗണനയിലാണ്.

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്നവർ

89 [5825] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പ്രതിവർഷം എത്ര പേർ വിരമിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ/പൊതുമേഖല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചത്ര പേരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എത്രപേർ വിരമിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരികയാണ്.

സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള നിവേദനം

90 [5828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly